# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5470

## 02-11-2016 ലെ മറുപടിക്ക്

**കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| **ചോദ്യം**<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **മറുപടി**<br>**ശ്രീ. റ്റി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തോടനുബന്ധിച്ച് ബഹു. ധനകാര്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച വളാഞ്ചേരി റിംഗ് റോഡ്, കോട്ടക്കൽ-കോട്ടപ്പടി റോഡുകൾ കിഫ്ബി മുഖാന്തിരം ഏറ്റെടുക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. ഇതിനു ശേഷം |
| **(ബി)** ഇല്ലെങ്കിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | |

| | |
|---|---|
| | ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തത ഉണ്ടാവൂ. |

**സെക്ഷൻ ഓഫീസർ**